## തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം

*(സാന്നിദ്ധ്യം - എസ് ഷാനവാസ് IAS)*

വിഷയം : ദുരന്തനിവാരണനിയമം 2005 - കൊവിഡ് 19 - ലോക്ക്ഡൗൺ - തൃശ്ശൂർ ജില്ലയിൽ അധിക നിയന്ത്രണം ഏർപ്പെടുത്തിയത് - ഭേദഗതി വരുത്തി ഉത്തരവാകുന്നു

പരാമർശം :

01: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 26.04.2021 തീയതിയിലെ ജി ഒ ആർ ടി 383/2021/DMD നമ്പർ ഉത്തരവ്.

02: സംസ്ഥാന ദുരന്ത നിവാണ വകുപ്പ് (എ) യുടെ 06.05.2021 തീയതിയിലെ ജി ഒ ആർ ടി 404/2021/DMD നമ്പർ ഉത്തരവ്.

03: സംസ്ഥാന ദുരന്ത നിവാരണവകുപ്പ് (എ)യുടെ 14.05.2021 തീയതിയിലെ ജി ഒ ആർ ടി416/2021/DMD നമ്പർ ഉത്തരവ്.

04: ഈ കാര്യാലയത്തിലെ 16.05.2021 തീയതിയിലെ ഇതേ നമ്പ്ര് ഉത്തരവ്.

### ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019 തീയതി: 17.05,2021

കേരളസംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും തൃശ്ശൂർ ജില്ലയിൽ 80 ശതമാനത്തിലധികം ഗ്രാമപഞ്ചായത്തുകളും നഗരസഭ ഡിവിഷനുകളും കോർപ്പറേഷൻ ഡിവിഷനുകളും കണ്ടെയിൻമെൻറ് സോണായി പ്രഖ്യാപിച്ച സാഹചര്യത്തിലും ജില്ലയിൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനതീവ്രത കുറയാതെ നിൽക്കുന്ന സാഹചര്യത്തിലും മൂന്നാം പരാമർശപ്രകാരം ജില്ലയിൽ പ്രത്യേക തീവ്ര കർശന നിയന്ത്രണങ്ങൾ നടപ്പിൽവരുത്തുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും നാലാം പരാമർശപ്രകാരം പ്രത്യേക അധികനിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ചില കാര്യങ്ങളിൽ കൂട്ടതൽ സ്പഷ്ടീകരണം ആവശ്യമുള്ളതിനാൽ എസ് ഷാനവാസ് ഐഎഎസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം നാലാം പരാമർശപ്രകാരം തൃശ്ശൂർ ജില്ലയിൽ ഏർപ്പെടുത്തിയ പ്രത്യേക അധികനിയന്ത്രണങ്ങളിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

07 : ജില്ലയിൽ വിശ്വാസികൾക്കായി ആരാധനാലയങ്ങൾ തുറക്കാൻ പാടുള്ളതല്ല. എന്നാൽ ആരാധനാലയങ്ങളിലെ ദൈനംദിന ചടങ്ങുകൾ/ ആചാരങ്ങൾ/ നിത്യപൂജ/ കർബാന എന്നിവ വിശ്വാസികളെ പങ്കെടുപ്പിക്കാതെ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ച് നിർവ്വഹിക്കാവുന്നതാണ്.

10 : ദിവസേനയുള്ള പത്രം, പാൽ, മത്സ്യം എന്നിവയുടെ വിതരണം രാവിലെ 8.00 മണിക്ക് മുൻപായി നടത്തേണ്ടതാണ്. തപാൽ വിതരണവും അനുവദനീയമാണ്.

11 : ഷെഡ്യൂൾഡ് ബാങ്കുകൾ **തിങ്കൾ, ബുധൻ, വെള്ളി** ദിവസങ്ങളിലും സഹകരണ ബാങ്കുകൾ **തിങ്കൾ, വ്യാഴം** ദിവസങ്ങളിലും മിനിമം ജീവനക്കാരെ മാത്രം നിയോഗിച്ച് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 02 മണിവരെ പ്രവർത്തിക്കാവുന്നതാണ്.

13 : ബുധൻ, ശനി ദിവസങ്ങളിൽ മത്സ്യം, മാംസം, കോഴിക്കട, കോൾഡ് സ്റ്റോറേജ് എന്നിവ രാവിലെ 07.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ വിതരണം ആർആർടികൾ, വാർഡ്തലകമ്മിറ്റി, ഹോംഡെലിവറി എന്നിവ വഴി നടത്തേണ്ടതാണ്.

19 : കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, വളർത്തുമൃഗങ്ങൾക്കുള്ള തീറ്റ എന്നിവ വിൽക്കുന്ന കടകൾക്ക് ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. ആനകൾക്കുള്ള പട്ട മറ്റ് ജില്ലകളിൽനിന്ന് കൊണ്ടുവരുന്നത് അനുവദനീയമാണ്.

20 : ടെലികമ്മ്യൂണിക്കേഷൻ, പാചകവാതക വിതരണം, കേബിൾ സർവ്വീസ്, ഡിറ്റിഎച്ച് എന്നിവയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ജോലിസംബന്ധമായ പ്രവർത്തനങ്ങൾക്കായി ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

21 : അടിയന്തര/അവശ്യ സർവ്വീസ് വകുപ്പുകളിലെ ജീവനക്കാർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് ജോലിസംബന്ധമായ ആവശ്യങ്ങൾക്കുള്ള യാത്ര ചെയ്യാവുന്നതാണ്.

22 : സാനിറ്റൈസർ, മാസ്ക് എന്നിവയുടെ നിർമ്മാണം, വിതരണം എന്നിവയും അനുവദനീയമാണ്.

23 : ദന്ത സംരക്ഷണത്തിനായുള്ള ഡന്റൽ ക്ലിനിക്കുകൾക്ക് പ്രവർത്തിക്കാവുന്നതാണ്.

24 : പെട്രോൾ പമ്പുകൾ പ്രവർത്തിക്കാവുന്നതാണ്. പെട്രോൾപമ്പുകളുമായി ബന്ധപ്പെട്ട വാഹനങ്ങളുടെ സഞ്ചാരവും അനുവദനീയമാണ്.

25: കൊയ്ത്ത് മെതി യന്ത്രങ്ങൾ പാടശേഖരങ്ങളിലേക്ക് കൊണ്ടു പോകുന്നത് അനുവദനീയമാണ്.

26: പ്രായമായവർക്കും, മറ്റ് കിടപ്പ് രോഗികൾക്കുമുള്ള പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത പരിപാലന പ്രവർത്തനങ്ങൾ തുടരാവുന്നതാണ്.

മേൽ പ്രസ്താവിച്ച ഭേദഗതികളോടെ നാലാം പരാമർശപ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.

***(2021 മെയ് മാസം 17-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി)
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (റൂറൽ)

3. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി വിവരം അറിയിക്കുന്നതിന്)
6. ജില്ലയിലെ എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
7. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
8. ജില്ലാ സപ്ലൈ ആഫീസർ, തൃശ്ശൂർ (മറ്റു അനന്തര നടപടികൾക്കായി)

പകർപ്പ് :

1. ജില്ലയിലെ എല്ലാ ബഹു. എം എൽ എ മാർക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന റവന്യൂ ദുരന്ത നിവാരണ വകുപ്പ്, തിരുവനന്തപുരം ആമുഖ കത്ത് സഹിതം
3. പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സെക്രട്ടേറിയറ്റ് തിരുവനന്തപുരം ആമുഖ കത്ത് സഹിതം
4. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
5. മെമ്പർ സെക്രട്ടറി, കെ എസ് ഡി എം എ തിരുവനന്തപുരം
6. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
7. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
8. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
9. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ
10. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
11. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൃശ്ശൂർ
12. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
13. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും
14. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
15. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
16. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
17. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
18. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി
19. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, തൃശ്ശൂർ - ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
20. ലീഡ് ബാങ്ക് മാനേജർ, തൃശ്ശൂർ
21. ജോയിന്റ് രജിസ്ട്രാർ (സഹകരണ സംഘം), തൃശ്ശൂർ
22. ജില്ലാ കളക്ടറുടെ സി എ / കരുതൽ ഫയൽ - എച്ച് 4/ കെ 1